# ഒമാനി ഉത്പന്നങ്ങളുടെ പ്രദർശനം സൊഹാറിൽ ആരംഭിച്ചു



*സൊഹാറിലെ പ്രദർശനം സർക്കാർ അധികൃതർ സന്ദർശിക്കുന്നു*

**സൊഹാർ:** ഒമാൻ ഉത്പന്നങ്ങളുടെ പ്രചാരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച 'ഒമാനി 2015' മേള സൊഹാറിൽ ആരംഭിച്ചു. ഇന്റർനാഷനൽ എക്സ്ബിഷൻ സെന്ററിൽ നടന്ന പരിപാടി വടക്കൻ ബാതിന ഗവർണർ ശൈഖ് മുഹന്ന ബിൻ സൈഫ് അൽ ലാംകി ഉദ്ഘാടനം ചെയ്തു. ഒമാൻ ഉത്പന്നങ്ങളുടെ ബൃഹത്തായ ശേഖരമാണ് ഇവിടെ ഒരുക്കിയിരിക്കുന്നത്.

സിൽവർ സ്റ്റാറിന്റെ സഹകരണത്തോടെ പബ്ലിക് എസ്റ്റാബ്ലിഷ്മെന്റ് ഫോർ ഇന്റസ്ട്രിയൽ എസ്റ്റേറ്റ് സംഘടിപ്പിക്കുന്ന പരിപാടി മൂന്ന് ദിവസം നീണ്ടുനിൽക്കും. ജി സി സി വിപണിയിൽ ഒമാനി ഉത്പന്നങ്ങളുടെ സാന്നിധ്യം വർധിപ്പിച്ച് ഉത്പന്നങ്ങൾക്ക് കൂടുതൽ ആവശ്യക്കാരെ കണ്ടെത്തുകയാണ് പരിപാടിയുടെ പ്രധാന ലക്ഷ്യം.

സ്വദേശി ഉത്പന്നങ്ങൾ വിതരണം നടത്തുന്ന കമ്പനികളുടെ പ്രവർത്തനങ്ങളും ഉത്പന്നങ്ങളും പൊതുജനങ്ങൾക്കിടയിൽ ചർച്ച ചെയ്യപ്പെടുകയെന്നത് ഏറെ അനിവാര്യമാണ്. ഒരു വർഷം നീണ്ടുനിൽക്കുന്ന കാമ്പയിനിന്റെ ഭാഗമായാണ് ഈ പ്രദർശനം. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇത്തരം അനേകം പ്രദർശനങ്ങൾ ഈ വർഷം നടക്കേണ്ടതുണ്ട്. മുഹന്ന ബിൻ സൈഫ് വ്യക്തമാക്കി.

ഒമാൻ ഉത്പന്നങ്ങൾക്ക് ജി സി സി മേഖലയിൽ ആവശ്യക്കാർ ഏറിക്കൊണ്ടിരിക്കെയാണ് പുതിയ കാമ്പയ്നുമായി അധികൃതർ രംഗത്തെത്തിയത്. രാജ്യത്തിന്റെ സാമ്പത്തിക മേഖലയിൽ നിർണായക മുന്നേറ്റം നടത്താൻ സാധിക്കുന്ന പുതിയ പദ്ധതി രാജ്യവ്യാപകമാക്കാൻ അധികൃതർ തീരുമാനിച്ചിരുന്നു. ഒമാനിൽ നിന്ന് ഉത്പാദിപ്പിക്കുന്ന മുഴുവൻ ഉത്പന്നങ്ങളും ഇത്തരം പ്രദർശനത്തിൽ ഉൾപ്പെടുത്തും.

ജി സി സി രാജ്യങ്ങളുമായുള്ള വാണിജ്യ, നയതന്ത്ര ബന്ധങ്ങൾ ശക്തമാക്കാൻ പുതിയ പദ്ധതി സഹായിക്കുമെന്നും രാജ്യത്തിന്റെ സാമ്പത്തിക മേഖലക്ക് നിർണായക മുന്നേറ്റമുണ്ടാക്കുമെന്നും സിൽവർ സ്റ്റാർ മാനേജിംഗ് ഡയറക്ടർ പി ഡി നാഥ് വ്യക്തമാക്കി.


ഉംറ
ബുക്കിംഗ് തുടരുന്നു...
മാർച്ച് അവസാന വാരത്തിൽ പുറപ്പെടുന്നു.
ഇബാദത്തിലെ കണിശത.....
പുണ്യസ്ഥലങ്ങളിൽ സിയാറത്ത്.....
കർമ്മങ്ങൾ പഠിപ്പിക്കുന്നതിന് പ്രത്യേക പരിശീലനം.....
ഐ സി എഫ് ഹജ്ജ് _ ഉംറ സർവ്വീസ്
മസ്കത്ത്, ഒമാൻ


നിസ്കാര സമയം